# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1952 — 17.12.2012-ൽ മറുപടിയ്ക്ക്

**ഇ.എഫ്.എൽ പരിധിയിൽ ഉൾപ്പെടുത്തിയ ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ഇ.എഫ്.എൽ നിയമം മൂലം കഷ്ടപ്പെടുന്ന കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) ഇ.എഫ്.എൽ നിയമ ഭേദഗതി പ്രകാരം 2 ഹെക്ടറിൽ കുറഞ്ഞ ഭൂമി കൈവശമുള്ള കർഷകർക്ക് ഭേദഗതി നിയമത്തിലെ 10 (എ) വകുപ്പ് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി അപേക്ഷ ഇ.എഫ്.എൽ തർക്ക പരിഹാര സമിതി മുഖേന പരിശോധിച്ച് ഇ.എഫ്.എൽ നിർവചനത്തിൽ പ്പെടാത്തതാണെങ്കിൽ ഭൂമി തിരിച്ച് ഉടമസ്ഥർക്ക് തന്നെ നൽകാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| ബി) കാപ്പി, കുരുമുളക്, ഏലം എന്നിവ കൃഷി ചെയ്യുന്നതും ചുറ്റും വനഭൂമി ഇല്ലാത്തതുമായ വയനാട് ജില്ലയിലെ കൃഷി സ്ഥലങ്ങൾ ഇ.എഫ്.എൽ പരിധിയിൽ ഉൾപ്പെടുത്തി പിടിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തിരികെ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; ഇപ്രകാരം ഭൂമി നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ; | ബി) ഇ.എഫ്.എൽ ഓർഡിനൻസ് പ്രകാരം കാപ്പി, ഏലം എന്നിവ കൃഷി ചെയ്യുന്ന ഭൂമി ഇ.എഫ്.എൽ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഓർഡിനൻസ് നിയമമായപ്പോൾ തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയ വിളകളെക്കൂടി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള കൃഷിസ്ഥലങ്ങൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയതിന് നിയമത്തിൽ ഉൾക്കൊള്ളിച്ച മാർഗ്ഗേണ പരാതി നൽകാവുന്നതാണ്. ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുള്ളതും ഓർഡിനൻസ് പ്രകാരം ഏറ്റെടുത്തതുമായ കേസ്സുകളിൽ കസ്റ്റോഡിയൻ തന്നെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സെക്ഷൻ 3 (1) പ്രകാരം ഏറ്റെടുക്കുന്ന സ്ഥലങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ല. |

| | |
|---|---|
| സി) ഇ.എഫ്.എൽ പരിധിയിൽപ്പെടുത്തി പിടിച്ചെടുക്കുകയും, അന്വേഷണത്തിൽ കൃഷിഭൂമിയാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 20% ഭൂമി മാത്രം വിട്ടുകൊടുക്കുകയും, ബാക്കി 80% ഭൂമി സർക്കാർ കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ള കൃഷി ഭൂമി പൂർണ്ണമായും തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ? | സി) ഇ.എഫ്.എൽ പരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് കസ്റ്റോഡിയൻ ഓരോ കേസ്സിലും നടപടി സ്വീകരിക്കുന്നത്. ആയതിൽ തൃപ്തരല്ലാത്തവർക്ക് സെക്ഷൻ 10 പ്രകാരം രൂപീകരിച്ചിട്ടുള്ള ഇ.എഫ്.എൽ ട്രൈബ്യൂണലുകളെ സമീപിക്കാവുന്നതാണ്. വ്യക്തമായ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ